## പതിനാലാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 626** **29/01/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണ നടപടിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കില് ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികള് 01/01/2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാലുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും ട്രഷറിനിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നബാർഡ് എന്തെങ്കിലും വ്യവസ്ഥകൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ; | (ബി) & (സി) | നബാർഡ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.<br>1) വായ്പേതര സഹകരണ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ പ്രാതിനിധ്യം നൽകണം.<br>2) ജില്ലാ ബാങ്കുകളുടെ സംസ്ഥാന സഹകരണ ബാങ്കുമായുള്ള ലയനത്തിൽ താല്പര്യമില്ലാത്ത അംഗസംഘങ്ങൾക്ക് ഒരു നിശ്ചിത കാലാവധിക്കകം ജില്ലാ ബാങ്കുകളിൽ അവരുടെ പേരിലുള്ള ഓഹരി പിൻവലിക്കാൻ അവസരം നൽകണം. ഓഹരി മൂല്യം കണക്കാക്കേണ്ടത് മുഖവിലയിലല്ല, ബുക്ക് വാല്യുവിലാണ്.<br>3) ജില്ലാ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി അംഗങ്ങളുടെ ഓഹരി മൂല്യം പുനർനിർണ്ണയിച്ച് കേരള ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യണം.<br>മേൽ വ്യവസ്ഥകളിൽ ഓഹരി പിൻവലിക്കാനുള്ള വ്യവസ്ഥ ഒഴികെയുള്ളവ നിലവിലെ കേരള സഹകരണ നിയമം അനുശാസിക്കും പ്രകാരമുള്ളതല്ല എന്ന വിവരം നബാർഡിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യവസ്ഥകൾ അംഗീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**